31 May 2022

# ST. THOMAS COLLEGE (AUTONOMOUS), THRISSUR

# NEWSLETTER

Vision: Transforming the Youth through Holistic Education towards an Enlightened Society.










NSS unit of the College organised a talk on the occasion of International No Tobacco Day on 31 May 2022.



ഡോ. ടി. ആന്റോ ജോണി ഡോ. സി.എൽ. ജോഷി പ്രഫ പി.എം. ജോയ് ഡോ. സി.വി. ഡേവിഡ് പി.ജെ. ആന്റു സി.ടി. ബാബു കെ.ജെ. ജോസഫ്

# തൃശൂർ സെന്റ് തോമസ് കോളജിൽനിന്നും ഏഴുപേർ വിരമിക്കുന്നു

തൃശൂർ: സെന്റ് തോമസ് കോളജിൽനിന്നും ഏഴു പേർ വിരമിക്കുന്നു.

വൈസ് പ്രിൻസിപ്പലും ഫിസിക്സ് വിഭാഗം അധ്യാപകനുമായ ഡോ. ടി. ആന്റോ ജോണി, കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് തലവനും കാലിക്കട്ട് യൂണിവേഴ്സിറ്റി മുൻ രജിസ്ട്രാറും സംസ്ഥാന ഉന്നത വിദ്യാഭ്യാസ പരീക്ഷ പരിഷ്കരണ കമ്മിറ്റി അംഗവുമായ ഡോ. സി.എൽ. ജോഷി, ഫിസിക്സ് ഡിപ്പാർട്ട്മെന്റ് തലവനും കോളജ് സ്റ്റാഫ് സെക്രട്ടറിയുമായ പ്രഫ. പി.എം. ജോയ്, സുവോളജി ഡിപ്പാർട്ട്മെന്റ് തലവനും കോളജിന്റെ ഡീൻ ഓഫ് സയൻസുമായ ഡോ. സി.വി. ഡേവിഡ്, സീനിയർ സൂപ്രണ്ടും കാലിക്കട്ട് യൂണിവേഴ്സിറ്റി മുൻ സെനറ്റ് അംഗമായ പി.ജെ. ആന്റു, അക്കൗണ്ടന്റ് സി.ടി. ബാബു, ലാബ് അസിസ്റ്റന്റ് കെ.ജെ. ജോസഫ് എന്നിവരാണു വിരമിക്കുന്നത്.

## ത്യാഗരാജാർ പോളിടെക്നിക് പ്രിൻസിപ്പൽ അന്ന ടെർജി ഇന്നു പടിയിറങ്ങും

## പ്യൂൺ ആയി തുടക്കം; സീനിയർ സൂപ്രണ്ടായി പടിയിറക്കം

തൃശൂർ: നീണ്ട 34 വർഷത്തെ സേവനത്തിൽ പ്യൂൺ ആയിത്തുടങ്ങി സീനിയർ സൂപ്രണ്ടെന്ന പദവിയിലെത്തി വിരമിക്കുകയാണ് സെന്റ് തോമസ് കോളജ് സീനിയർ സൂപ്രണ്ട് പി.ജെ. ആന്റു. പ്യൂൺ ആയി ജോലിയിൽ പ്രവേശിച്ച അദ്ദേഹം ലാബ് അസിസ്റ്റന്റ്, ലൈബ്രറി അസിസ്റ്റന്റ്, ക്ലർക്ക്, ഹെഡ് അക്കൗണ്ടന്റ് എന്നീ നിലകളിൽ സേവനം ചെയ്തതിനു ശേഷമാണ് വിരമിക്കുന്നത്.

കേരളാ പ്രൈവറ്റ് കോളജ് മിനിസ്റ്റീരിയൽ സ്റ്റാഫ് ഫെഡറേഷന്റെ തൃശൂർ ജില്ലാ പ്രസിഡന്റ്, സെക്രട്ടറി എന്നീ നിലകളിൽ 22 വർഷം പ്രവർത്തിച്ചു. അനധ്യാപകരെ യുജിസി പാക്കേജിൽ ഉൾപ്പെടുത്തുന്നതിന് രണ്ടു തവണ പാർലമെന്റ് മാർച്ചിൽ പങ്കെടുത്തു. 2013 മുതൽ 17 വരെ കാലിക്കട്ട് സർവകലാശാല സെനറ്റ് അംഗമായി പ്രവർത്തിച്ചു. സഹധർമിണിയായ ഫിലോമിനയും സെന്റ് തോമസ് കോളജിലെ ജീവനക്കാരിയായിരുന്നു. സീനിയർ ക്ലർക്കായി സേവനം ചെയ്യുമ്പോൾ 2013ൽ ശസ്ത്രക്രിയയ്ക്കിടെ ഫിലോമിന മരിച്ചു.

മക്കൾ: എയ്ഞ്ചൽ (എംകോം രണ്ടാം വർഷ വിദ്യാർഥി, സെന്റ് തോമസ് കോളജ്), അലിഷ (പ്ലസ്ടു വിദ്യാർഥി, സേക്രഡ് ഹാർട്ട് ഹയർ സെക്കൻഡറി സ്കൂൾ).

Seven staff retired from service on 31 May 2022.